## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 744** **05/06/2018-ൽ മറുപടിയ്ക്ക്**

## നേമം മണ്ഡലത്തിലെ സ്മാർട്ട് ക്ലാസ് റൂം സജ്ജീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.ഒ. രാജഗോപാൽ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കുന്നതിന് സഹകരണ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരള സർക്കാർ നടപ്പിലാക്കിവരുന്ന 'എല്ലാ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലേയും ഒരു ക്ലാസ് റൂം സ്മാർട്ട് ക്ലാസ് റൂമാക്കി മാറ്റുക' എന്ന പദ്ധതിയ്ക്ക് പിന്തുണ നൽകിക്കൊണ്ട് സഹകരണ വകുപ്പ് 1000 സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിച്ചു നൽകുവാൻ തീരുമാനിക്കുകയുണ്ടായി.<br>സംസ്ഥാനത്തെ 14 ജില്ലകളിലെയും സാമ്പത്തിക ഭദ്രതയുള്ളതും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സംഘങ്ങളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു നിയോജക മണ്ഡലത്തിൽ നിന്നും സ്മാർട്ട് ക്ലാസ് റൂം ആവശ്യമുള്ളതും അർഹതയുള്ളതുമായ 7 സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളുടെ വിവരങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ മാരിൽ നിന്നും ശേഖരിച്ച് സ്കൂളുകളേയും അതാത് സ്ഥലത്തെ സന്നദ്ധരായ സഹകരണ സംഘങ്ങളെയും തമ്മിൽ ബന്ധപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയിൽ നേമം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | അന്തിമ തീരുമാനം ആയിട്ടില്ല. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കുന്നതിന് സഹകരണ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (സി) | സ്കൂളുകളുടെ ലിസ്റ്റും സന്നദ്ധരായ സഹകരണ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കി വരികയാണ്. നേമം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള അന്തിമ തീരുമാനം ആയിട്ടില്ല. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് നടപടി സ്വീകരിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**